(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച 1550 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വടക്കാഞ്ചേരി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതി

135 (1088) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം മുതൽ ക്ലാസ്സ് ആരംഭിക്കാൻ സാധിക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 12-ാം തീയതി നിർവ്വഹിച്ചു.

(സി) അടുത്ത അദ്ധ്യയന വർഷം (2011-12) മുതൽ ഇവിടെ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

136 (1099) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനരീതി വിശദമാക്കുമോ ;

(ബി) നവോദയ വിദ്യാലയങ്ങളുടെ മാതൃകയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ സമിതികളാണ് നിലവിലുള്ളതെന്നും അവയ്ക്ക് ഏതൊക്കെ ചുമതലകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റി 11-9-1995-ൽ 663/95 നമ്പരായി ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. ടി സൊസൈറ്റിയുടെ അധീനതയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഉൾപ്പെടെ 27 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ എന്ന പേരിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും അവർക്ക് റസിഡന്റ് സ്കൂൾ മാതൃകയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസ സൗകര്യം പ്രദാനം ചെയ്യുന്നതിനുമായാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്. പ്രതിവർഷം 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്ക് പ്രവേശനത്തിനായി അപേക്ഷിക്കാം. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 5-ാം ക്ലാസ്സിലേക്ക് പ്രവേശന പരീക്ഷ നടത്തി മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 35 കുട്ടികളുള്ള ഒരു ബാച്ചിൽ 19 പട്ടികജാതി കുട്ടികളും 13 പട്ടികവർഗ്ഗക്കാരും 3 ഇതര സമുദായക്കാരും പ്രവേശനത്തിന് അർഹത നേടുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 19 സീറ്റ് പട്ടികവർഗ്ഗ വിഭാഗത്തിനും 13 സീറ്റ് പട്ടികജാതി വിഭാഗത്തിനും 3 സീറ്റ് മറ്റുള്ളവർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. എന്നാൽ ആശ്രമം സ്കൂൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമേ പ്രവേശനം നൽകുന്നുള്ളൂ. ആശ്രമം സ്കൂളിൽ ഒന്നാം ക്ലാസ് മുതൽ പ്രവേശനം നൽകുന്നു. ടി സ്ഥാപനങ്ങളിൽ അക്കാദമിക് കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പും ഭരണപരമായ കാര്യങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുമാണ് കൈകാര്യം ചെയ്യുന്നത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നു. ഇവരുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു. റഗുലർ ക്ലാസ്സുകൾക്ക് പുറമെ മെഡിയൽ ക്ലാസുകളും, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കണ്ടറി സയൻസ് വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രത്യേക പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. ടി സ്ഥാപനങ്ങളിൽ സ്റ്റുഡന്റ് സ് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. സ്മാർട്ട് ക്ലാസ് റൂം, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ "ശാസ്ത്ര പോഷിണി" ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷണചെലവിനായി 10-ാം കാസ് വരെ ഒരു കുട്ടിക്ക് 1300 രൂപയും +2 തലത്തിൽ 1500 രൂപയും അനുവദിക്കുന്നു. കൂടാതെ മെഡിക്കൽ അലവൻസ് ഒരു കുട്ടിക്ക് 50 രൂപയും യൂണിഫോം അലവൻസ് 1-ാം ക്ലാസ് മുതൽ 7 വരെ 1500 രൂപയും 8-ാം കാസ്സു മുതൽ 12 വരെ 2000 രൂപയും നൽകുന്നു.

(ബി) ഇല്ല.

(സി) കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി പ്രവർത്തനം വിലയിരുത്തിവരുന്നു. അതോടൊപ്പം റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് ഒരു മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ഫിനാൻസ് വകുപ്പിലെ ഉദ്യോഗസ്ഥൻ മുതലായവർ ഉൾപ്പെടുന്നു. ഗവേണിംഗ് ബോഡി എന്നത് ബൃഹത്തായ ഒന്നായതിനാലാണ് ടി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചത്. രണ്ട് ഗവേണിംഗ് ബോഡി യോഗത്തിനിടയ്ക്കുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായാണ് മാനേജിംഗ് കമ്മിറ്റി രൂപവൽക്കരിച്ചത്. ജില്ലാതലത്തിൽ കളക്ടർ ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നത്. സ്ഥലം എം.എൽ.എ.-യും ക്ഷണിതാവാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ഈ സമിതികളുടെ ചുമതലയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ എല്ലാ സാമ്പത്തിക ഇടപാടുകളും പരിശോധിക്കുന്നതും അംഗീകരിക്കുന്നതും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. അടിയന്തരഘട്ടങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ ഗവേണിംഗ് ബോഡിയുടെ സാധൂകരണത്തിന് വിധേയമാക്കേണ്ടതുമാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

137 (1100) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപക നിയമനം ഗുണമേന്മ കണക്കിലെടുത്ത് നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത് ഫലപ്രദമായാണോ നടപ്പിലാക്കുന്നത് എന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അദ്ധ്യാപക തസ്തികയുടെ അഡീഷൻ ടു കേഡറാണ്. ടി അദ്ധ്യാപക തസ്തികയിലെ ഒഴിവുകളിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറും, ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടറുമാണ് നിയമനം നടത്തുന്നത്. ഇപ്രകാരം നിയമനം നടക്കാതെ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly